പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 4103 18.10.2011 -ലെ മറുപടിക്ക്

## ദേശീയപാതാ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ ഉണ്ടായികൊണ്ടിരിക്കുന്ന കാലതാമസം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ദേശീയപാതകളായ NH.47 ഉം NH.17 ഉം NHDP Phase III- ൽ ഉൾപ്പെടുത്തി 4/6 വരി പാതയായി ബി.ഒ.റ്റി. സ്കീമിലും ബാക്കിയുള്ള ദേശീയപാതകളായ NH.49, NH.208, NH.212, NH.213, NH.220എന്നിവ NHDP Phase IV-ൽ പ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരി പാതയായി DBFOT സ്കീമിലും വികസിപ്പിക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലതാമസം മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(ബി) നാഷണൽ ഹൈവേ 47-ന്റെ വികസനത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ബി) ഇല്ല. ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കായുള്ള പുനരധിവാസപാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പുനരധിവാസ പുന:ക്രമീകരണ നയത്തിന്റെ കരട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി 13.09.2011 ലെ സ.ഉ.(സാധ)3971/2011/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് മന്ത്രി (കൺവീനർ), പൊതുമരാമത്ത് വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഉപസമിതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

Lekha

**സെക്ഷൻ ഓഫീസർ**